## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2984.

**22-02-2016 ൽ മറുപടിയ്ക്ക്**

### നെൽകൃഷി വർദ്ധനവ്

**ചോദ്യം**
ശ്രീ. കെ.വി. വിജയദാസ്

**മറുപടി**
ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | നെൽ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ കാലയളവിൽ താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നത്.<br>• സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി.<br>• മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽ കൃഷി വികസന പദ്ധതി.<br>• രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി.<br>• രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി.<br>• നെല്ല് സംഭരണം.<br>• ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി.<br>• നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്.<br>• കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.<br>• കരനെൽകൃഷി.<br>• വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി.<br>• പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ. |

| | | | |
|---|---|---|---|
| | | | • സുഗന്ധ നെല്ലിന വികസന പദ്ധതി.<br>• കാർഷിക യന്ത്രവൽക്കരണം<br>• സുസ്ഥിര നെൽകൃഷി വികസന പദ്ധതി.<br>• തരിശു നിലകൃഷി, നെൽകൃഷിയ്ക്ക ശേഷമുള്ള മറ്റ കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br>• മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ<br>• ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം.<br>• നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ<br>• കർഷകർക്ക് പൂരക വരുമാന സ്രോതസുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി.<br>• നെൽകൃഷി അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജസികൾക്ക് ഉള്ള ധനസഹായം.<br>• ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം.<br>• പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം.<br>• പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും.<br>മേൽപ്പറഞ്ഞ പദ്ധതികളിൽ സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക |

| | | | |
|---|---|---|---|
| | | | നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.), ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതി, നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ് എന്നിവ 2015-16 -ലും നടപ്പിലാക്കി വരുന്നു |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ നെൽകൃഷി വർദ്ധനവിലൂടെയുള്ള നെല്ലുല്പാദനത്തിന്റെ വിശദവിവരം നൽകുമോ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ? | (ബി) | ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 208160 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നു. ആയത് 2012 -2013 ൽ 197277 ഹെക്ടറും 2013-2014 ൽ 199611 ഹെക്ടറും ആവുകയുണ്ടായി. 2012 – 2013 വർഷം നെല്ലിന്റെ ഉൽപ്പാദനം മുൻ വർഷത്തേക്കാൾ 60694 മെ.ടൺ കുറയുകയുണ്ടായി. ഇങ്ങനെ സംഭവിച്ചത് 2012-2013 ൽ വരൾച്ചമൂലം 48161.6 ഹെക്ടർ നെൽകൃഷി നശിച്ചതിനാലാണ്. 2014-2015 വർഷം നെല്ലിന്റെ ഉൽപ്പാദനം 2013-2014 നേക്കാൾ 2233 മെ.ടൺ കുറയുകയുണ്ടായി. ആയത് നെൽകൃഷിയുടെ വിസ്തീർണ്ണത്തിലുണ്ടായ കുറവ് മൂലമാണ്. നെൽവയലിന്റെ വിസ്തീർണ്ണം 2013-2014 ൽ 199611 ഹെക്ടർ ആയിരുന്നത് 2014 -2015 ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. നെൽകൃഷിയ്ക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ലയുടെപേര് | ചെലവഴിച്ചതുക(ലക്ഷം) 2011-2012 | ചെലവഴിച്ചതുക(ലക്ഷം) 2012-2013 | ചെലവഴിച്ചതുക(ലക്ഷം) 2013-2014 | ചെലവഴിച്ചതുക(ലക്ഷം) 2014-2015 |
|---|---|---|---|---|
| തിരുവനന്തപുരം | 141.7633 | 66.73184 | 140.7118 | 116.5913 |
| കൊല്ലം | 186.2055 | 135.18336 | 158.5883 | 100.7902 |
| പത്തനംതിട്ട | 260.9883 | 141.14611 | 207.703 | 151.323 |
| ആലപ്പുഴ | 1851.224 | 2366.65331 | 2372.202 | 1970.434 |
| കോട്ടയം | 601.9692 | 641.62936 | 974.663 | 881.0115 |
| ഇടുക്കി | 66.65828 | 58.49447 | 77.90647 | 51.83439 |
| എറണാകുളം | 450.2312 | 327.8181 | 336.5733 | 346.7116 |
| തൃശ്ശൂർ | 1006.497 | 1041.72571 | 1249.927 | 1067.332 |
| പാലക്കാട് | 1793.135 | 1134.20753 | 4085.078 | 4212.102 |
| മലപ്പുറം | 522.7271 | 467.6834 | 472.1697 | 389.0655 |
| കോഴിക്കോട് | 150.051 | 191.97487 | 168.581 | 138.91 |
| വയനാട് | 890.249 | 477.9243 | 492.2367 | 608.436 |
| കണ്ണൂർ | 324.2005 | 285.39751 | 313.5474 | 309.15 |
| കാസർഗോഡ് | 140.4368 | 226.38699 | 182.15 | 127.765 |
| ആകെ | 8386.339 | 7562.95686 | 11232.04 | 10471.~~456~~ 49 |

സെക്ഷൻ ഓഫീസർ